**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1089** **02-02-2026 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ ഭൂമി ഉപയോഗപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിൽ ജലവിഭവ വകുപ്പിന് കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിന് കീഴിലെ ചിറ്റൂർപ്പുഴ ഡിവിഷനു കീഴിൽ കനാലുകൾ, ക്വാർട്ടേഴ്സുകൾ, കാര്യാലയങ്ങൾ ഉൾപ്പെടെ 1700.719 ഹെക്ടർ സ്ഥലമുണ്ട്. അട്ടപ്പാടി ജലസേചന പദ്ധതി സർക്കാരിന്റെയും കേന്ദ്ര ജലകമ്മീഷന്റെയും സജീവ പരിഗണനയിലാണ്. പദ്ധതിക്കായി 293.72 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ മാത്രമേ ബാക്കി ഭൂമി തിട്ടപ്പെടുത്താൻ കഴിയൂ. മലമ്പുഴ ഡിവിഷൻ കാര്യാലയത്തിനു കീഴിൽ 5027.20875 ഹെക്ടർ ഭൂമിയുണ്ട്. കേര പദ്ധതിയുമായി ബന്ധപ്പെട്ട വനവത്കരണത്തിനായി കുറച്ച് ഭൂമി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കാഞ്ഞിരപ്പുഴ ഡിവിഷൻ കാര്യാലയത്തിനു കീഴിൽ 1415.3696 ഹെക്ടർ ഭൂമിയുണ്ട് (കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കീഴിൽ 1214.0458 ഹെക്ടർ ഭൂമിയും ശിരുവാണി ജലസേചന പദ്ധതിയുടെ കീഴിൽ 201.3238 ഹെക്ടർ ഭൂമിയും). എന്നാലിവയെല്ലാം തന്നെ ജലവിഭവ വകുപ്പിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായവയാണ്.<br><br>കൂടാതെ കേരള ജല അതോറിറ്റിയുടെ കീഴിൽ ചുവടെ പറയുന്ന സ്ഥലങ്ങൾ ഉപയോഗിക്കാതെ കിടപ്പുണ്ട്.<br><br>• പിരായിരി ഗ്രാമ പഞ്ചായത്തിലെ അയ്യപ്പൻകാവിൽ ബ്ലോക്ക് നമ്പർ 19, റീ സർവ്വേ നമ്പർ 321/9 ൽ 13.71 സെന്റ് സ്ഥലം<br><br>പുതുപ്പരിയാരം പഞ്ചായത്തിലെ 15-ാം വാർഡിൽ 5 സെന്റ് സ്ഥലം.<br><br>നെന്മാറ ഗ്രാമപഞ്ചായത്തിലെ നെന്മാറ വാട്ടർ വർക്ക്സ് വല്ലങ്ങിയിൽ 114 സെന്റ് സ്ഥലം |

| | | | |
|---|---|---|---|
| | | | അയിലൂർ ഗ്രാമപഞ്ചായത്തിലെ തോട്ടശ്ശേരിയിൽ ഉള്ള 25.28 സെന്റ് സ്ഥലം |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ ഏതെങ്കിലും പദ്ധതികൾ തുടങ്ങുന്നതിനായി സർക്കാർ, സർക്കാരിതര ഏജൻസികൾ എൻ. ഒ. സി. ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കാഞ്ഞിരപ്പുഴ ജലസേചനപദ്ധതിയുടെ കീഴിൽ കെ.പി.ഐ.പി. സബ് ഡിവിഷൻ നമ്പർ 3 കാഞ്ഞിരപ്പുഴ കാര്യാലയത്തിനു കീഴിലെ 0.16 ഹെക്ടർ സ്ഥലം എക്സൈസ് വകുപ്പിനും 0.4532 ഹെക്ടർ സ്ഥലം KSEB സബ് സ്റ്റേഷൻ നിർമ്മാണത്തിനും വിട്ടു നൽകുന്നതിനും കെ.പി.ഐ.പി. സബ് ഡിവിഷൻ നമ്പർ 1 ഒറ്റപ്പാലം കാര്യാലയത്തിനു കീഴിലെ വല്ലപ്പുഴയിലെ 2.5 ഏക്കർ സ്ഥലം ഓണർഷിപ്പ് മാറ്റാതെ പൊതുജനങ്ങൾക്ക് കായിക പരിശീലനം ചെയ്യുന്നതിന് താൽക്കാലിക നടത്തിപ്പിനായി പഞ്ചായത്തിന് വിട്ടുനൽകുന്നതിനും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ മെയിൻ കനാലിന്റെ ചെയിനേജ് 33/300 കിലോമീറ്ററിൽ ഇടതു ബണ്ടിൽ 50 m x 25 m സ്ഥലം നിർമ്മിക്കുന്നതിനായി സെക്രട്ടറി വെള്ളിനേഴി ഗ്രാമപഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് മെറ്റിരിയൽ സ്റ്റാക്കിങ്ങിനും ഭാവി വികസനത്തിനും പ്രതിവർഷം 10000 ഹെക്ടർ Ayacut വർദ്ധിപ്പിക്കുന്നതിന് ആവശ്യമായി വരും എന്നും ടി അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. അനങ്ങനടി ഗ്രാമ പഞ്ചായത്തിൽ അനങ്ങനടി വില്ലേജ് 2 വാർഡിൽ വാരിക്കോട്ടിൽ അംഗൻവാടിക്ക് സ്ഥലം അനുവദിക്കുന്നതിന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കെ.പി.ഐ.പി സെക്ഷൻ 1/2 കടമ്പഴിപ്പുറം കാര്യാലയവും അതിനോടനുബന്ധിച്ചുള്ള രണ്ട് സ്റ്റാഫ് ക്വാർട്ടേഴ്സുകളും ഉൾപ്പെടുന്ന 32.60 ആർ ഭൂമിയിൽ 20.00 ആർ ഭൂമി ജില്ലാ കളക്ടറുടെ ഉത്തരവ് നം. DCPKD/11599/2024-LRG9 തീയതി 20/02/2025 പ്രകാരം കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന് MCF നടത്തുന്നതിനായി നൽകിയിട്ടുണ്ട്.<br><br>മലമ്പുഴ ഡിവിഷനു കീഴിൽ KWA Alathur, IHRD കോളേജ് മലമ്പുഴ, നെൻമാറ സാംസ്കാരിക മ്യൂസിയം മലമ്പുഴ, അംഗൻവാടികൾ, ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങൾ, ഹാപ്പിനസ്സ് പാർക്ക്, എക്സൈസ് റേഞ്ച് ഓഫീസ്, NFSA ഗോഡൗൺ, കോഫിഷോപ്പ്, ജിംനേഷ്യം, കളിസ്ഥലം, ചിൽഡ്രൻസ് പാർക്ക്, ശുചിത്വ സമുച്ചയം, ബഡ്സ് സ്കൂൾ കെട്ടിടം തുടങ്ങിയവയ്ക്ക് എൻ.ഒ.സി. ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ചിറ്റൂർ ഡിവിഷനു കീഴിൽ KIIDC റീജിണൽ ഓഫീസ് കൊഴിഞ്ഞാംമ്പാറ 100 KWP Ground Solar PV പവർപ്ലാന്റ് സ്ഥാപിക്കാനായി NOC യ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.<br><br>അഗളി ഡിവിഷനു കീഴിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ്, ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തിക്കുന്നതിനായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആവശ്യപ്പെട്ടുണ്ട്.<br><br>IHRD അഗളിയുടെ നടത്തിപ്പിന് വേണ്ടി ഇൻസ്പെക്ഷൻ ബംഗ്ലാവ് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അഗളി ഡിവിഷനു കീഴിൽ കോമൺ ഇൻക്യുബേഷൻ സെന്റർ തുടങ്ങുന്നതിനായി AVIP യുടെ ഇൻസ്പെക്ഷൻ ബംഗ്ലാവ് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കേരള ജല അതോറിറ്റിയുടെ കീഴിലുള്ള ചുവടെ പറയുന്ന സ്ഥലങ്ങൾക്ക് വേണ്ടിയുള്ള പ്രൊപ്പോസലുകളും നിലവിലുണ്ട്.<br><br>നെന്മാറ ഗ്രാമപഞ്ചായത്തിലെ നെന്മാറ വാട്ടർ വർക്ക്സ് വല്ലങ്ങിയിൽ 114 സെന്റ് Non Water Revenue (NWR) ന്റെ ഭാഗമായി DTPC യ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>അയിലൂർ ഗ്രാമപഞ്ചായത്തിലെ തോട്ടശ്ശേരിയിൽ ഉള്ള 25.28 സെന്റ് സ്ഥലം കുടിവെള്ള ക്ഷാമം വരുമ്പോൾ ഭാവിയിൽ പുതിയ ബോർവെൽ സ്ഥാപിച്ച് കുടിവെള്ള വിതരണ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ